2. മൂലധനക്കണക്ക്		
(എ)	വരവ്	441.05
(ബി)	ചെലവ്	472.33
(സി)	തനി	(—) 31.28
3. പൊതുക്കണക്ക്		
(എ)	വരവ്	1651.36
(ബി)	ചെലവ്	1577.37
(സി)	തനി	73.99
4. 1986-87ലെ അധികവിഭവസമാഹരണം (തനി)		27.90
5. വർഷാരംഭ മിച്ചം		82.13
6. വർഷാവസാന മിച്ചം		50.63

കുടിശികകൾ തീർക്കുവാൻ പരിപാടി

86. ഈ വർഷത്തേയും അടുത്ത വർഷത്തേയും സാമ്പത്തിക നിലയിൽ വന്ന പുരോഗതിയുടെ പശ്ചാത്തലത്തിൽ വളരെ വർഷങ്ങളായി നിലവിലുള്ള ഒരു പ്രശ്നം പരിഹരിക്കുവാൻ കൂടി ഗവൺമെൻറ് തീരുമാനിച്ചിരിക്കുന്നു. ഗവൺമെൻറിൻെറ വിവിധ വകുപ്പുകളിൽ ബില്ലുകൾ കുടിശ്ശികയായിട്ടുണ്ട്. ഇതിൻെറ കാരണം വ്യക്തമാക്കേണ്ടതേ ആവശ്യമാണ്. പ്ലാനിംഗ് എന്ന പ്രക്രിയയുടെ ലക്ഷ്യം പരിമിതമായ ധനശേഷിക്കകത്തുനിന്നുകൊണ്ട് ആവശ്യമുള്ള വികസന പ്രവർത്തനങ്ങൾ സുചിന്തിതമായ ഒരു മുൻഗണനാക്രമമനുസരിച്ച് ഏറെറടുക്കുക എന്നതാണ്. എല്ലാ പ്രവർത്തനങ്ങളും ഒന്നിച്ചു ഏറെറടുക്കുവാൻ കഴിവുണ്ടെങ്കിൽ ആസൂത്രണം ആവശ്യമില്ലല്ലോ. ഓരോ വർഷവും ഗവൺമെൻറിൻെറ ഒഴിച്ചുകൂടാനാവാത്ത നോൺ-പ്ലാൻ ചെലവിനു വേണ്ട പണം മാററിവച്ച ശേഷം ബാക്കി എന്തെങ്കിലും തുകയുണ്ടെങ്കിൽ അതും, പൊതുക്കടമായും ധനകാര്യസ്ഥാപനങ്ങളിൽ നിന്നുള്ള കടമായും സംസ്ഥാന ഗവൺമെൻറ് സംഭരിക്കുന്ന തുകയും കേന്ദ്രം നൽകുന്ന പദ്ധതി സഹായവും ചേർന്നുള്ള വാർഷിക പദ്ധതികളാണ് സംസ്ഥാനങ്ങൾ തയ്യാറാക്കുന്നതും പ്ലാനിംഗ് കമ്മീഷൻ അംഗീകരിക്കുന്നതും. പദ്ധതി നടപ്പാക്കുമ്പോൾ ഓരോ മേഖലയിലും അനുവദിച്ചിട്ടുള്ള പണത്തിനകത്ത് ചെയ്തുതീർക്കാനാവുന്ന പരിപാടികൾ മാത്രമേ ഏറെറടുക്കുവാൻ പാടുള്ളൂ. പക്ഷെ നമ്മുടെ സംസ്ഥാനത്ത് അനേകം വർഷങ്ങളായി ഈ മൗലിക തത്വം പാലിക്കപ്പെട്ടിട്ടില്ല. എല്ലാ ഗവൺമെൻറുകളുടേയും കാലഘട്ടത്തിൽ ഇത് സംഭവിച്ചിട്ടുണ്ട്. ജനങ്ങളുടെ അഭിലാഷങ്ങൾ സാക്ഷാത്കരിക്കുവാനുള്ള വ്യഗ്രതകൊണ്ടാണ് ഇങ്ങനെ ധനശേഷിക്കതീതമായ പരിപാടികൾ ഏറെറടുക്കുന്നത് എന്ന സത്യവും സമ്മതിച്ചേ തീരൂ. പക്ഷെ ഈ രീതിയിൽ വിഭവരൂപീകരണത്തിനതീതമായി പരിപാടികൾ ഏറെറടുക്കുമ്പോൾ ആ ബാദ്ധ്യതകൾക്കു പണം നൽകുവാനാവില്ല. കുറെ കഴിയുമ്പോൾ ആ ബാദ്ധ്യത വളരെ കൂടുതലാകും. എത്ര ആത്മാർത്ഥമായ ധനകാര്യ മാനേജ്മെൻറിനും ഈ പ്രശ്നത്തിന് ശാശ്വതമായ പരിഹാരം കണ്ടെത്താനാവില്ല. ഓരോ പ്രോജക്ടിൻേറയും വിജയ സാദ്ധ്യത ശരിയായി വിലയിരുത്തുകയും, ആ മേഖലയിൽ ലഭ്യമാകാൻ സാദ്ധ്യതയുള്ള പ്ലാൻ തുകയുമായി പുതിയ നിക്ഷേപങ്ങൾക്ക് സമഗ്രമായ സന്തുലനം കൈവരുത്തുകയും ചെയ്യുക എന്നതാണ് ശരിയായ പരിഹാര മാർഗ്ഗം. എന്നാൽ കുടിശികകളുടെ പ്രശ്നത്തിൽ ഒരു താൽക്കാലിക പരിഹാരം കാണുവാൻ വൈകിക്കൂടാ. പ്രത്യേകിച്ചും, സംസ്ഥാനത്തിൻെറ

LIBRARY ARCHIVES Kerala Legislative Assembly

സാമ്പത്തിക സ്ഥിതി, വളരെ വർഷങ്ങൾക്കുശേഷം, മെച്ചപ്പെട്ടിട്ടുള്ള ഈ അവസരത്തിൽ, ഇപ്പോഴും നിലവിലുള്ള കുടിശികകൾ കൊടുത്തുതീർക്കുവാനുള്ള ഒരു പരിപാടി ഗവൺമെൻറ് ആവിഷ്ക്കരിച്ചിട്ടുണ്ട്. ഇതിനായി ഈ വർഷവും അടുത്തവർഷവുമായി 35 കോടി രൂപ വകയിരുത്തുന്നു. പ്ലാൻ, നോൺ-പ്ലാൻ ഇനങ്ങളിൽ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുകകൾക്ക് പുറമെയാണ് 35 കോടി രൂപയുടെ ഈ പ്രത്യേക വകയിരുത്തൽ. അതിന്റെ ഈ വർഷത്തെ വിഹിതമായ 20 കോടി രൂപയുടെ ഉപധനാഭ്യർത്ഥന സഭ ഇന്നലെ അംഗീകരിച്ചു കഴിഞ്ഞു.

87. സഭയിലവതരിപ്പിച്ചിരിക്കുന്ന ആനുവൽ ഫിനാൻഷ്യൽ സ്റ്റേറ്റ്മെൻറ് അനുസരിച്ച് നടപ്പുവർഷമായ 1985-86 അവസാനം 82.13 കോടി രൂപയും 1986-87-ൽ 22.73 കോടി രൂപയും മിച്ചമുണ്ടാകും. ഈ പ്രസംഗത്തിൽ പ്രഖ്യാപിച്ച ധനകാര്യ നിർദ്ദേശങ്ങളിലെ വരവുകൂടി കണക്കാക്കിയാൽ 1986-87-ലെ മിച്ചം 50.63 കോടി രൂപയായി വർദ്ധിക്കും. ഈ സാമ്പത്തിക പുരോഗതിയുടെ പശ്ചാത്തലത്തിൽ കുടിശിക ബില്ലുകൾക്കു വേണ്ടി പ്രത്യേക വകയിരുത്തലായി ഈ വർഷം നൽകുന്ന 20 കോടി രൂപ കഴിച്ച് 1985-86 വർഷാവസാനം 62.13 കോടി രൂപ മിച്ചമുണ്ടാകും. അടുത്ത വർഷത്തിൽ കുടിശിക തീർക്കുവാൻ വീണ്ടും നൽകുന്ന 15 കോടി രൂപ കൂടി തട്ടിക്കിഴിച്ചാലും 1986-87 അവസാനം 15.63 കോടി രൂപ മിച്ചമുണ്ടാകുന്നതാണ്. അങ്ങനെ 1986-87-ലേക്ക് ഞാൻ സഭയുടെ മുമ്പാകെ അവതരിപ്പിച്ചിരിക്കുന്നത് 15.63 കോടി രൂപയുടെ മിച്ച ബഡ്ജറ്റാണ്.

88. ഈ വർഷവും അടുത്തവർഷവും ബഡ്ജറ്റിലും ഗവൺമെൻറിന്റെ റിസർവ്വ് ബാങ്ക് അക്കൗണ്ടിലും മിച്ചമുള്ളതുകൊണ്ട്. നമ്മുടെ സാമ്പത്തിക പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടിരിക്കുന്നുവെന്ന് അർത്ഥമില്ല. ഞാൻനേരത്തെ വ്യക്തമാക്കിയതുപോലെ ഓവർ ഡ്രാഫ്റ്റ് തീർത്തും ഒഴിവാക്കിക്കൊണ്ട് ദൈനംദിന പദ്ധതി, പദ്ധതിയിതരച്ചെലവുകൾ മുടങ്ങാതെ നടത്തണമെങ്കിൽ ഒരു നല്ല മിച്ചം ഉണ്ടാകാതെ സാദ്ധ്യമല്ല. അങ്ങനെ ഒരു മിച്ചം എപ്പോഴും കരുതിയില്ലെങ്കിൽ സാമ്പത്തിക വർഷത്തിന്റെ ആരംഭത്തിൽ നമ്മുടെ വരവു കുറഞ്ഞിരിക്കുമ്പോഴും കൂടുതൽ ചെലവു വരുമ്പോഴും വീണ്ടും നാം ഓവർ ഡ്രാഫ്റ്റിലേക്ക് വഴുതിവീഴും. അതുകൊണ്ട് പ്രശ്നങ്ങളെല്ലാം പരഹരിച്ചുവെന്ന യാതൊരു അവകാശവാദവും ഉന്നയിക്കുവാൻ ഞാൻ ഒരുങ്ങുന്നില്ല. പക്ഷേ ഒരു കാര്യം പറഞ്ഞേപറ്റൂ. വളരെ വിഷമകരമായ ഒരു കാലഘട്ടം നാം പിന്നിലാക്കിക്കഴിഞ്ഞു. എട്ടാം ധനകാര്യക്കമ്മീഷന്റെ പ്രതികൂല ശുപാർശകളുടെ ഫലമായി ദൈനംദിനമുണ്ടാകുന്ന 60 ലക്ഷം രൂപയുടെ കമ്മി പൂർണ്ണമായി നികത്തി. ശരാശരി 22 ലക്ഷം രൂപയുടെ പ്രതിദിന മിച്ചമുണ്ടാക്കുവാൻ ഈ വർഷം നമുക്ക് കഴിഞ്ഞിരിക്കുന്നു—അതായത്, ദിവസംതോറും 82 ലക്ഷം രൂപയുടെ ധനകാര്യ അഭിവൃദ്ധി നാം നേടിയിരിക്കുന്നു. അടിപതറാതെ ആത്മവിശ്വാസം കൈവിടാതെ വൈഷമ്യങ്ങളെ നേരിട്ട നമ്മുടെ ധനകാര്യ മാനേജ്മെൻറ് ഞാൻ ഈ അവലോകനത്തിന്റെ ആദ്യ ഭാഗത്ത് വിവരിച്ച പ്രതികൂല സാഹചര്യങ്ങളുടെ പത്മവ്യൂഹത്തിനുള്ളിൽ നിന്ന് വിജയം വരിച്ച് പുറത്തുകടന്നിരിക്കുന്നു.

89. പ്രസിദ്ധമായ ഒരു ഗീതാശ്ലോകം ഉദ്ധരിച്ചുകൊണ്ട് കഴിഞ്ഞ വർഷത്തെ ബഡ്ജറ്റ് പ്രസംഗം ഉപസംഹരിക്കുമ്പോൾ കേരളത്തിന്റെ സുശക്തവും വിശുദ്ധവുമായ ആത്മസത്തയിൽ എനിക്കുള്ള അചഞ്ചലമായ വിശ്വാസത്തിൽ നിന്ന് പ്രചോദനം ആർജ്ജിച്ച് "വളരെ വിഷമകരമായ ജോലി ഞങ്ങൾ ഉടൻ ചെയ്തുതീർക്കും; തീരെ അസാദ്ധ്യമായ ജോലി ചെയ്തുതീർക്കുവാൻ അല്പം സമയമെടുക്കും" എന്ന് ഞാൻ പ്രസ്താവിച്ചിരുന്നു. അന്നത്തെ സാഹചര്യങ്ങളിൽ ഏതാണ്ട് അസാദ്ധ്യമെന്നുതന്നെ

LIBRARY ARCHIVES Kerala Legislative Assembly

തോന്നിയിരുന്ന ഒരു ഭാരിച്ച ചുമതല ഗവൺമെൻറ് ഈ ഒരു വർഷക്കാലത്തിനുള്ളിൽ നിറവേറ്റിയിരിക്കുന്നു.

90. ഭദ്രമായ അടിത്തറയിൽ കാലുറപ്പിച്ചു നിന്നാൽ മാത്രമേ ഉയരങ്ങളിലേക്കു നോക്കാൻ കഴിയൂ. ദീർഘകാലമായി ആ അടിത്തറ കെട്ടിപ്പടുക്കുന്നതിനുള്ള യജ്ഞത്തിലാണ് നാം ഏർപ്പെട്ടിരുന്നത്. നാം വിജയത്തിൻെറ വഴിത്താരയിൽ എത്തിക്കഴിഞ്ഞു. ഈ വിശ്വാസമാണ് എട്ടാമത്തെ ബഡ്ജറ് ഈ സഭയുടെ മുൻപിൽ അവതരിപ്പിക്കുന്ന എന്നിൽ ധന്യതയുടെ നിമിഷങ്ങൾ ചേർക്കുന്നത്. ഈ സന്ദർഭത്തിൽ ഈ മണ്ണിൻെറയും ഇവിടത്തെ ജനങ്ങളുടെയും നൻമനിറഞ്ഞ ഭാവിക്കുവേണ്ടി പ്രയത്നിക്കുമെന്ന പ്രതിജ്ഞ നമുക്ക് പുതുക്കാം.

91. 1986-87-ലെ ബഡ്ജറ്. എസ്റ്റിമേറുകളും നിർദ്ദേശങ്ങളും സഭയുടെ പരിഗണനയ്ക്കും അംഗീകാരത്തിനും വേണ്ടി ഞാൻ സമർപ്പിക്കുന്നു.

92. ഈ സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുമ്പ് ഇനം തിരിച്ചുള്ള വിശദമായ ചർച്ചയ്ക്കുവേണ്ട സമയം കണ്ടെത്താൻ കഴിയാതിരിക്കുന്നതിനാൽ 1986-87-ലെ ആദ്യത്തെ നാലു മാസത്തെ ചെലവിലേക്കായി ഒരു വോട്ട് ഓൺ അക്കൗണ്ടും ബന്ധപ്പെട്ട ഡിമാൻഡും ഞാൻ സഭയുടെ മുൻപിൽ അവതരിപ്പിക്കുന്നതാണ്.

മി. സ്പീക്കർ : ഓർഡർ, ഓർഡർ. ബഡ്ജറ് പ്രസംഗത്തിൻെറ കോപ്പികൾ ഇപ്പോൾ മെമ്പർമാർക്ക് വിതരണം ചെയ്യുന്നതാണ്. ബഡ്ജറ് ഡോക്കുമെൻറ്സ് എം. എൽ. എ. ഹോസ്റ്റലിൽ ലഭിക്കും. പത്രക്കാർക്കുള്ള കോപ്പികൾ പ്രസ് റൂമിൽ നിന്നു ലഭിക്കുന്നതാണ്.

(ബഡ്ജറ് പ്രസംഗത്തിൻെറ കോപ്പികൾ വിതരണം ചെയ്തു)

സഭ ഇപ്പോൾ പിരിയുന്നതും 24-ാം തീയതി രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(1986 മാർച്ച് 24-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ 10.25-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly